പ്രസ്സ് റിലീസ് **03.11.2016**

## ഭിന്നശേഷിക്കാർക്കുവേണ്ടി 'കൈവല്യ' പദ്ധതി നടപ്പാക്കും: മന്ത്രി ടി.പി. രാമകൃഷ്ണൻ

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത, 40 ശതമാനത്തിലധികം വൈകല്യമുള്ള, ഭിന്നശേഷിക്കാർക്കുവേണ്ടി 'കൈവല്യ' എന്ന പേരിൽ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പാക്കാൻ സർക്കാർ ഉത്തരവായതായി തൊഴിൽ വകുപ്പ് മന്ത്രി ടി.പി.രാമകൃഷ്ണൻ അറിയിച്ചു. ഭിന്നശേഷിക്കാരെ വരുമാനമുള്ള തൊഴിലുകളിലൂടെ സ്വയംപര്യാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

ഇതിനകം, 40 ശതമാനത്തിലധികം വൈകല്യമുള്ള 61,251 ഭിന്നശേഷിക്കാരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കാഴ്ച്ചവൈകല്യമുള്ള 6,292 പേരും കേൾവി വൈകല്യമുള്ള 8,811 പേരും അസ്ഥി സംബന്ധമായ വൈകല്യമുള്ള 39,887 പേരും മാനസിക വൈകല്യമുള്ള 4,717 പേരും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

തൊഴിൽ മാർഗ നിർദ്ദേശങ്ങൾ നൽകൽ, സംരംഭകത്വ വികസന പരിശീലനം, മത്സര പരീക്ഷാ പരിശീലനം, സ്വയം തൊഴിൽ വായ്പ ലഭ്യമാക്കൽ എന്നിവ ഉൾപ്പെട്ട പദ്ധതിയാണിത്. വൈകല്യം, യോഗ്യത, അഭിരുചി, താൽപര്യം, പ്രവർത്തനശേഷി എന്നിവയുടെ അടിസ്ഥാനത്തിൽ, ഭിന്നശേഷിക്കാരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി, സമാന ഗ്രൂപ്പുകളെ കണ്ടെത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. എംപ്ലോയ്മെന്റ് ഡയറക്ടർക്കാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല. കൂടുതൽ വിവരങ്ങൾ അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നോ, **www.employmentkerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നോ അറിയാം.

## നാല് ക്ഷേമനിധി ബോർഡുകളിൽ പുതിയ പ്രതിനിധികൾ; വിജ്ഞാപനമായി

തൊഴിൽവകുപ്പിന്റെ കീഴിലുള്ള, കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, ബീഡി & സിഗാർ തൊഴിലാളി

ക്ഷേമനിധി ബോർഡ് എന്നിവയിലേക്ക് പുതിയ പ്രതിനിധികളെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവായി.

ബോർഡുകൾ, അവയുടെ പ്രതിനിധികൾ എന്നിവ യഥാക്രമം- കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്: തൊഴിലാളി പ്രതിനിധികൾ; കെ.അനന്തഗോപൻ (തിരുവല്ല), എസ്.കൃഷ്ണമൂർത്തി (കൊച്ചി), ടി.കെ.ലോഹിതാക്ഷൻ (കോഴിക്കോട്), പി.സുബ്രഹ്മണ്യം (മലപ്പുറം), വി.ജെ.ജോസഫ് (തിരുവനന്തപുരം), തൊഴിലുടമാ പ്രതിനിധികൾ; ജി.ജയപാൽ (പെരുമ്പാവൂർ), ടി.എസ്.പട്ടാഭിരാമൻ (തൃശ്ശൂർ), ഡോ.പി.കെ.മുഹമ്മദ്റഷീദ് (തൃശ്ശൂർ), കെ.എം.ലെനിൻ (തൃശ്ശൂർ), ജി.വസന്തകുമാർ (പത്തനംതിട്ട), സർക്കാർ പ്രതിനിധികൾ; പി.കെ.സീതാലക്ഷ്മിയമ്മ (തൊഴിൽവകുപ്പ് അഡീഷണൽ സെക്രട്ടറി), ബി.എസ്.ജയകുമാർ (നിയമവകുപ്പ് ജോയിന്റ് സെക്രട്ടറി), ആർ.ബൈജു (ജോയിന്റ് ലേബർ കമ്മീഷണർ -പ്ലാനിംഗ്), ലക്ഷ്മി രഘുനാഥൻ (ധനകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി), ബീനാമോൾ വർഗ്ഗീസ് (ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ).

അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്: തൊഴിലാളി പ്രതിനിധികൾ; സി.കെ.മണിശങ്കർ (കൊച്ചി), ജി.കൃഷ്ണൻകുട്ടി (തിരുവനന്തപുരം), വി.പി.സക്കറിയ (മലപ്പുറം), ആർ.സുശീലൻ (കോട്ടയം), സി.കെ.രാജൻ (തിരുവനന്തപുരം), തൊഴിലുടമാ പ്രതിനിധികൾ; ഡി.രാജ്കുമാർ (കൊല്ലം), ഇ. സഹീദ് (തിരുവനന്തപുരം), ടി.എസ്.സിന്ധു (തിരുവനന്തപുരം), കെ.രാധാകൃഷ്ണൻ (കണ്ണൂർ), ദീപക് ചന്ദ്രൻ (കണ്ണൂർ), സർക്കാർ പ്രതിനിധികൾ; എസ്.സുരേഷ്ചന്ദ്രൻ (നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി), എ.എം.ജാഫർ (ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി), ജി.എൽ.മുരളീധരൻ (അഡീഷണൽ ലേബർ കമ്മീഷണർ (ഇൻഡസ്ട്രിയൽ റിലേഷൻസ്), വി.എസ്.ഗോപാൽ (തൊഴിൽ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി), കെ.എസ്.ബിജു (ബോർഡിന്റെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ).

കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്: തൊഴിലാളി പ്രതിനിധികൾ; അരക്കൻ ബാലൻ (കണ്ണൂർ), എ.വി.ബാബു (മണിയൂർ), ആറ്റിപ്ര സദാനന്ദൻ (തിരുവനന്തപുരം), താവം ബാലകൃഷ്ണൻ (കണ്ണൂർ), വി.ആർ.പ്രതാപൻ (തിരുവനന്തപുരം), തൊഴിലുടമാ പ്രതിനിധികൾ; കെ.പി.സഹദേവൻ (കണ്ണൂർ), പെരിങ്ങമ്മല വിജയൻ (തിരുവനന്തപുരം), കെ.വി.അബ്ദുൾ ഹമീദ് (തൃശ്ശൂർ), ടി.കെ.ഗോവിന്ദൻ മാസ്റ്റർ (കണ്ണൂർ), ബിന്നി ഇമ്മിട്ടി (തൃശ്ശൂർ). സർക്കാർ പ്രതിനിധികൾ; ഡി.ലാൽ (തൊഴിൽ വകുപ്പ് ജോയിന്റ് സെക്രട്ടറി), എ.എം.ജാഫർ (ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി), എ. അലക്സാണ്ടർ (അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്), എൻ.വി.സന്തോഷ് (നിയമവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി), ബേബി കാസ്ട്രോ (ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ).

ബീഡി അന്റ് സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്: തൊഴിലാളി പ്രതിനിധികൾ; ബാലകൃഷ്ണൻ (കാസർഗോഡ്), ടി.പി.ശ്രീധരൻ (തലശ്ശേരി), ശാരദ (കണ്ണൂർ), ടി.കൃഷ്ണൻ (കാസർഗോഡ്), കെ.എം.ശ്രീധരൻ (കാസർഗോഡ്). തൊഴിലുടമാ പ്രതിനിധികൾ; സി.രാജൻ (കണ്ണൂർ), ടി.സുധീർ (തൃശ്ശൂർ), അനീഷ്.ജെ.പട്ടേൽ (കോഴിക്കോട്), കെ.അജിത്ത് (കണ്ണൂർ), പി.പി.വിനോദ് (കണ്ണൂർ). സർക്കാർ പ്രതിനിധികൾ; എൻ.വി.സന്തോഷ് (നിയമവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി), വി.എസ്.ഗോപാൽ (തൊഴിൽ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി), എസ്.അജിത്കുമാർ (ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറി), കെ.ശ്രീലാൽ (റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ), കെ.എം.സുനിൽ (ബോർഡിന്റെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ).

ലേബർ പബ്ലിസിറ്റി ഓഫീസർ
9946105965